DHS/5525/2022-EA1

I/19073/2022


**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

**ഇ-മെയിൽ** :dhskerala.hlth@kerala.gov.in

**വെബ്സൈറ്റ്:** www.dhs.kerala.gov.in


നം..ഇ.എ1-5525/2022/ആ.വ.ഡ    തീയതി: 23-12-2022

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പാലക്കാട്/ മലപ്പുറം/കോഴിക്കോട് /വയനാട്/ കണ്ണൂർ /കാസർഗോഡ്

സർ,

വിഷയം: ആ.വ.ഡ-ജീവനക്കാര്യം -സ്പെഷ്യാലിറ്റി കേഡർ-വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരുടെ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച്

പരാമർശം:
1. സർക്കാർ കത്ത് നം.S3/323/2022-ആരോഗ്യം തീയതി 21.10.2022
2. വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 25.10.2022 തീയതിയിലെ കത്ത് നം. ഇ1/2315(1)/2022/ ജി.എം.സി.വ

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധന പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ഫാക്കൽറ്റി ക്ഷാമം പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പിലെ ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാരെ മെഡിക്കൽ കോളേജിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ, ജൂനിയർ/ സീനിയർ റസിഡന്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കേണ്ടതാണെന്നു സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതായും ആയതിനാൽ വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ സ്പെഷ്യാലിറ്റികളിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസർ, ജൂനിയർ/ സീനിയർ റസിഡന്റ് തസ്തികകളിലെ ഒഴിവുകളിലേക്ക് നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായി അവരുടെ പേര് വിവരങ്ങൾ നൽകണമെന്നും സൂചന പ്രകാരം വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ആവശ്യപ്പെട്ടിരിക്കുന്നു.

ആയതിനാൽ ചുവടെ പറയുന്ന അസിസ്റ്റന്റ് പ്രൊഫസർ, ജൂനിയർ/ സീനിയർ റസിഡന്റ് തസ്തികകളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരുടെ പേര് വിവരങ്ങൾ 5 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതാണ്. ബിരുദാനന്തര ബിരുദവും അതാത് സ്പെഷ്യാലിറ്റിയിൽ ചുരുങ്ങിയത് 2 വർഷമെങ്കിലും ജോലി ചെയ്തു വരുന്നതുമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയാണ് അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേക്ക് പരിഗണിക്കുന്നത്.

| ക്രമ നം. | വിഭാഗം | ഒഴിവുകൾ | |
|---|---|---|---|
| | | അസിസ്റ്റന്റ് പ്രൊഫസർ | സീനിയർ റസിഡന്റ് |
| 1 | അനാട്ടമി | 2 | |
| 2 | ഫിസിയോളജി | 2 | |
| 3 | ബയോ കെമിസ്ട്രി | 2 | |
| 4 | പാത്തോളജി | 1 | |
| | | | |

| | | | |
|---|---|---|---|
| 5 | ഫോറൻസിക് മെഡിസിൻ | 1 | |
| 6 | കമ്മ്യൂണിറ്റി മെഡിസിൻ | 1 | |
| 7 | ജനറൽ മെഡിസിൻ | 3 | |
| 8 | റെസ്പിറേറ്ററി മെഡിസിൻ | | 3 |
| 9 | ഡെർമറ്റോളജി | | 1 |
| 10 | സൈക്യാട്രി | | 1 |
| 11 | പീഡിയാട്രിക്സ് | 1 | 1 |
| 12 | ജനറൽ സർജറി | 1 | |
| 13 | ഓർത്തോപീഡിക്സ് | 1 | |
| 14 | ഇ എൻ ടി | 0 | |
| 15 | ഓഫ്താൽമോളജി | 1 | 1 |
| 16 | ഒ &ജി | 2 | 1 |
| 17 | അനസ്തേഷ്യ | 2 | 1 |
| 18 | റേഡിയോ ഡയഗ്നോസിസ് | 1 | 1 |
| 19 | ഡെന്റിസ്ട്രി | 1 | 2 |
| 20 | എമർജൻസി മെഡിസിൻ | 1 | |
| 21 | ട്രാൻസ്ഫ്യൂഷൻ മെഡിസിൻ | 2 | 6 |

വിശ്വസ്തതയോടെ

ആരോഗ്യ വകുപ്പ് ഡയറക്ടർ